"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.അറ്റ-1/11/2023-ആഭ്യന്തരം
ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 15-09-2023

## സർക്കുലർ

വിഷയം:- ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് - വിദേശ രാജ്യങ്ങളിലേക്കുള്ള അറ്റസ്റ്റേഷൻ സേവനങ്ങൾ - One & Same certificate അറ്റസ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 1)28.05.2021 തീയതിയിലെ അറ്റ-1/38/2020-ആഭ്യന്തരം നമ്പർ പരിപത്രം.
2)07.10.2021 തീയതിയിലെ സ.ഉ(പി)നം.1/21/പി.എഐ.ഇ&എം.ഡി ഉത്തരവ്.
3)03.02.2023 തീയതിയിലെ സ.ഉ(പി)നം.1/23/പി.എഐ.ഇ&എം.ഡി ഉത്തരവ്.

വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റകൾ / രേഖകൾ/ പ്രമാണങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകുന്ന വിഷയത്തിൽ പരാമർശം (1) ലെ പരിപത്രം പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ പരാമർശം (3) ലെ ഉത്തരവു പ്രകാരം കേരളസർക്കാരുമായി ബന്ധപ്പെട്ട ഓഫീസുകളിൽ വ്യക്തിയുടെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്നത് One and Same Certificate-ന് പകരമായി ഉപയോഗിക്കാവുന്നതാണ് എന്നും ഇത് കൂടാതെ അപേക്ഷകൻ ആവശ്യപ്പെടുന്നപക്ഷം വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകുന്നതും തുടരാവുന്നതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ വിദേശ എംബസികളിലേക്കോ രാജ്യങ്ങളിലേക്കോ സമർപ്പിക്കുന്നതിനായി One and Same Certificate ആഭ്യന്തര അറ്റസ്റ്റേഷനു വേണ്ടി സമർപ്പിക്കുമ്പോൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .

എ) വിദേശ രാജ്യങ്ങളിലോ വിദേശ എംബസികളിലോ ഹാജരാക്കുന്നതിനു വേണ്ടിയുള്ള One and Same Certificate-കൾ തഹസിൽദാർമാർ / വില്ലേജ് ഓഫീസർമാർ നൽകുന്നവയായിരിക്കണം എന്ന് പല എംബസികളും നിഷ്കർഷിക്കാറുണ്ട് . അതിനാൽ വിദേശ രാജ്യങ്ങളിലോ എംബസികളിലോ ഹാജരാക്കുന്നതിന്റെ ആവശ്യത്തിലേക്കു വേണ്ടി പൊതുജനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം One and Same Certificate-കൾ തഹസിൽദാർമാർ / വില്ലേജ് ഓഫീസർമാർ അടിയന്തരമായി നൽകേണ്ടതാണ് . അതിനു വേണ്ടി തഹസിൽദാറുടെ / വില്ലേജ് ഓഫീസറുടെ ഒപ്പുള്ള സർട്ടിഫിക്കറ്റോ ഡിജിറ്റൽ സർട്ടിഫിക്കറ്റോ ആഭ്യന്തര അറ്റസ്റ്റേഷൻ വകുപ്പിൽ സീലിംഗ് ചെയ്യുന്നതിനായി പൊതുജനങ്ങൾക്ക് ഹാജരാക്കാവുന്നതാണ് .

ബി) ആഭ്യന്തര അറ്റസ്റ്റേഷനായി കൊണ്ടു വരുന്ന മറ്റ് ഒറിജിനൽ രേഖകളിലെയോ / പ്രമാണങ്ങളിലെയോ പേരുകൾ ഒത്തു നോക്കുന്നതിനും സർക്കാരിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിലേക്കും വേണ്ടി ഒരു അനുബന്ധരേഖയായി മാത്രം ഉപയോഗിക്കുന്നതിനാണെങ്കിൽ , ആ വ്യക്തിയുടെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്നത് അപേക്ഷകന് One and Same Certificate-ന് പകരമായി ആഭ്യന്തര വകുപ്പിൽ ഹാജരാക്കാവുന്നതാണ്.

മേൽ ഭേദഗതികളോടെ പരാമർശം (1) ലെ പരിപത്രം നിലനിൽക്കുന്നതാണ്.

ഉത്തരവിൻ പ്രകാരം

PRIYA MOL M P
JOINT SECRETARY

Signed by
Rajkala V
സെക്ഷൻ ഓഫീസർ.
Date: 15-09-2023 13:05:03

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും (എല്ലാ ജില്ലാ ഓഫീസർമാർക്കും അറിയിപ്പ് നൽകുന്നതിന്)/എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം,ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
✓വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്&ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്/പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസ്സ്